മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ ഒരു മുൻസിഫ് കോടതി സ്ഥാപിക്കണമെന്ന് ഹൈക്കോടതി തീരുമാനിക്കുകയും ഈ ശുപാർശ ഗവൺമെന്റ് അംഗീകരിച്ച് മുൻഗണനാ ക്രമത്തിൽ ഇരുപത്തിയൊന്നാം നമ്പരായി ചേർക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മുൻഗണന പ്രകാരം മുൻസിഫ് കോടതി സ്ഥാപിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

IV. പ്രത്യേക പരാമർശം

എം. എൽ. എ.-യുടെ വീടിനുനേരെ നടന്ന ആക്രമണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അടൂർ എഞ്ചിനീയറിംഗ് കോളേജ് അടൂരിനെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ ആത്മാഭിമാനമാണ്. 1995-ൽ നമ്മുടെ ഇപ്പോഴത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ആ എഞ്ചിനീയറിംഗ് കോളേജിന് തറക്കല്ലിട്ടതും ആരംഭിച്ചതും. എന്റെ വീട് കല്ലെറിയാൻ ശ്രമിച്ചു. എന്റെ വീടിന്റെ പടിക്കൽ മാർച്ചുചെയ്ത് വന്നു. അവരെ കുറിച്ച് ഒരു പരാതിയും ഞാൻ പറയുന്നില്ല. ഞാൻ പൊതു പ്രവർത്തകനാണ്. .....(ബഹളം).....(ബഹളം).....(ബഹളം) .....(ബഹളം).....എന്നെ സംബന്ധിച്ചിടത്തോളം ഇവർ ബഹളം വയ്ക്കേണ്ട കാര്യമില്ല. ഞാൻ ഇവർക്കെതിരെയൊന്നും പരാതി പറയാൻ വന്നതല്ല. അവിടെയുള്ള ഒരാളുടെ പേരിൽ പോലീസ് കേസ് എടുക്കണമെന്നോ നടപടിയെടുക്കണമെന്നോ അറസ്റ്റ് ചെയ്യണമെന്നോ ഒന്നും എനിക്ക് ആഗ്രഹമില്ല. പക്ഷേ എനിക്ക് നിങ്ങളുടെ മനസ്സാക്ഷിയോട് ഒരു ചോദ്യമുണ്ട്. ഞാൻ നിയമസഭയിൽ പ്രസംഗിച്ചതിന്റെ പേരിൽ എന്റെ വീട്ടിന്റെ പടിക്കൽവരാമോ? ഈ നിയമസഭയിൽ നിങ്ങളുമൊക്കെ സംസാരിക്കുന്നവരല്ലേ? എന്റെ നിയോജക മണ്ഡലത്തിൽ ഞങ്ങളുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമായ ഞങ്ങളുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനം, അതിന്റെ സൽപ്പേരിനും കളങ്കം വരുന്ന ഒരു കാര്യം വന്നപ്പോൾ ഞാൻ അതിനെക്കുറിച്ച് എന്റെ അഭിപ്രായം പറഞ്ഞുവെന്നല്ലേയുള്ളൂ. .....(ബഹളം).....(ബഹളം).....(ബഹളം)..... അങ്ങാണ് എനിക്ക് പ്രൊട്ടക്ഷൻ തരേണ്ടത്.....(ബഹളം)..... ഈ സഭയിൽ വ്യക്തിപരമായി പറയാനുള്ള ഒരു കാര്യം പോലും പറയാൻ അനുവദിക്കുകയില്ലെങ്കിൽ ഞാനിരിക്കാം. ഞാൻ നില്ക്കുന്നതാണ് പ്രശ്നമെങ്കിൽ ഞാൻ ഇരിക്കാം. എനിക്ക് വാശിയില്ല. ഞങ്ങളുടെ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ആത്മാഭിമാനമായ ആ സ്ഥാപനത്തെ ഒരു കേടും കൂടാതെ കാത്തുസൂക്ഷിക്കണമെന്നുള്ള ഞങ്ങളുടെ ഒരു പൊതുവികാരം മാത്രമാണ് ഞാൻ നിയമസഭയിൽ പറഞ്ഞത്. അതിന്റെ പേരിലുണ്ടായ കോലാഹലം സത്യത്തിൽ ദു:ഖകരമാണ്. അത് ഈ സംസ്ഥാനത്തിന്റെ താല്പര്യത്തിന് ഗുണകരമല്ല. അതുമാത്രമാണ് എനിക്ക് ഓർമ്മിപ്പിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സമരത്തെപ്പറ്റിയൊന്നും ഞാൻ ഒന്നും പറയുന്നില്ല. അംഗങ്ങളുടെ വീട് ആക്രമിക്കുന്ന പ്രവണത വളരെ ലജ്ജാവഹമാണ്. ഏത് വശത്തുള്ളതായിരുന്നാലും ഏത് ഭാഗത്തുള്ളതായിരുന്നാലും അങ്ങനെ ചെയ്യരുത്. അത് ജനാധിപത്യത്തിനുതന്നെ ഒരു ഭീഷണിയാണ്. രണ്ടു വശത്തുമുള്ള എം.എൽ.എ.-മാരുടെ വീട്, പാവപ്പെട്ട പെണ്ണുങ്ങളേയും കുട്ടികളേയും ഉപദ്രവിക്കുന്നത്, ജനപ്രതിനിധികളുടെ വീടുകൾ ആക്രമിക്കുന്നത് ഒഴിവാക്കാൻ, കർശനമായ നിർദ്ദേശം എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും കൊടുക്കണം. അത് ലജ്ജാവഹമാണ്.

V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

I. മരാമത്തു വകുപ്പുമന്ത്രി (ശ്രി. എം. കെ. മുനീർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്തു വയ്ക്കുന്നു:

ജി. ഒ. (പി) നമ്പർ 216/2004/ത.സ്വ.ഭ.വ. തീയതി 1-7-2004 (എസ്. ആർ. ഒ. നമ്പർ 679/2004).

II. ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ ബാലകൃഷ്ണപിള്ള): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

1. ജി. ഒ. (ആർടി.) നമ്പർ 225/04/ട്രാൻ. തീയതി 29-6-2004 (എസ്. ആർ. ഒ. നമ്പർ 668/2004).
2. കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ 2001-02-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം.

III. ജലവിഭവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

നോട്ടിഫിക്കേഷൻ നമ്പർ 4773/സി.എ.ഡി1/2000/ഡബ്ലിയു. ആർ.ഡി. തീയതി 6-1-2004 (എസ്.ആർ.ഒ.നമ്പർ 42/04) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IV. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ താഴെ പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

1. ജി. ഒ. (ആർടി.) നമ്പർ 550/04/ഐ.ഡി. തീയതി 3-6-2004 (എസ്. ആർ. ഒ. നമ്പർ 588/04).
2. നോട്ടിഫിക്കേഷൻ നമ്പർ 28930/എഫ്3/03/ഐ.ഡി. തീയതി 23-12-2003 (എസ്. ആർ. ഒ. നമ്പർ 1/04).
3. ജി. ഒ. (പി.) നമ്പർ 47/04/സാ.ക്ഷേ.വ. തീയതി 7-7-2004 (എസ്. ആർ. ഒ. നമ്പർ 713/04).

LIBRARY ARCHIVES Kerala Legislative Assembly